"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇടുക്കി ജില്ല - പള്ളിവാസൽ ഗ്രാമപഞ്ചായത്ത് - പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജയഹരി.ഒ.എസ് എന്ന വിദ്യാർത്ഥിക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1595/2024/LSGD തീയതി,തിരുവനന്തപുരം, 29-08-2024

---

പരാമർശം:-

1. സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022
2. സ.ഉ(സാധാ)നം.738/2023/തസ്വഭവ തീയതി 28.03.2023
3. പള്ളിവാസൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.02.2024 ലെ 1(8) നമ്പർ തീരുമാനം.
4. 17.07.2024 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 4.15 നമ്പർ തീരുമാനം

**ഉത്തരവ്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിനായി പഠനമുറി നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സൂചന (1) മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പള്ളിവാസൽ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.ജയഹരി.ഒ.എസ്, ജയന്തി വിലാസം, മുത്തൻമുടി എന്ന ഡിഗ്രി വിദ്യാർത്ഥി 2022-23 വർഷം പഠനമുറി ലഭിക്കുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതായും ഗുണഭോക്താക്കൾ കൂടുതൽ ഉള്ളതിനാൽ ടി വർഷം ശ്രീ.ജയഹരിക്ക് ആനുകൂല്യം നൽകുവാൻ സാധിച്ചില്ല എന്നും അടുത്ത സാമ്പത്തികവർഷം ലഭിക്കുമെന്ന ധാരണയോടെ പഠനമുറി പണി തുടങ്ങുകയുണ്ടായി എന്നും എന്നാൽ പരാമർശം (2) ഉത്തരവ് പ്രകാരം പഠനമുറി ആനുകൂല്യം അഞ്ചാം ക്ലാസ്സ് മുതൽ പ്ലസ് 2 വരെയുള്ള കുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ, പഠനസൗകര്യം വീട്ടിൽ വളരെ കുറവായ ടി വിദ്യാർത്ഥിക്ക് പഠനമുറി ആനുകൂല്യം നൽകുന്നതിന് പ്രത്യേക ഇളവ് നൽകണമെന്ന് പരാമർശം (3) പ്രകാരം പള്ളിവാസൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

പരാമർശം (4) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റി ഇക്കാര്യം പരിശോധിച്ചു. പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.ജയഹരി.ഒ.എസ്, 2022-23 വർഷം തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി ആയതിനാൽ പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 29-08-2024 14:10:04
സെക്ഷൻ ഓഫീസർ

പഞ്ചായത്ത് സെക്രട്ടറി, പള്ളിവാസൽ ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല
ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി
ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി